അനുസരിച്ച് വരവിൽ നിന്ന് നേരിട്ട് ചെലവ് വഹിക്കുന്നില്ല. വരവ് തുക നിർദ്ദിഷ്ട ശീർഷകങ്ങളിൽ സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കുകയാണ് ചെയ്യുന്നത്. അതുപോലെ ചെലവ് നിർദ്ദിഷ്ട ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നുമാണ് വഹിക്കുന്നത്. അതുകൊണ്ട് മണൽ വിൽപനയിലൂടെ സ്വരൂപിച്ച തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചു. അതിൽ എത്ര നീക്കിയിരിപ്പുണ്ട് തുടങ്ങിയ കാര്യങ്ങൾ കൃത്യമായി തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല.

നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവരിൽ സെസ്സ് ചുമത്താൻ നടപടി

111 (2589) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവരിൽ നിന്ന് സെസ് ചുമത്താൻ 2009-10, 2010-11 സാമ്പത്തിക വർഷം ഉദ്ദേശിച്ചിരുന്നോ ;

(ബി) ഇതിലൂടെ അധികവിഭവസമാഹരണമായി എത്ര തുകയാണ് പ്രതീക്ഷിച്ചിരുന്നത് ;

(സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിലേക്ക് ഈ കാലയളവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് പിരിച്ചെടുക്കുന്നതിലേക്ക് എന്ത് തുക ചെലവ് ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈയിനത്തിൽ ലഭിച്ച തുക ഏതെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിൽ ഇനി എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉദ്ദേശിച്ചിരുന്നു.

(ബി) 2009-10-ൽ 25 കോടി രൂപയും 2010-11-ൽ 100 കോടി രൂപയും അധിക വിഭവ സമാഹരണമായി പ്രതീക്ഷിച്ചിരുന്നു.

(സി) 2008-ലെ 28-ാം ആക്ട്-2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്-വിജ്ഞാപനം നമ്പർ 19661/ലെഗ്.എ1/2007/നിയമം തീയതി 12-8-2008 നിലവിൽ വന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തിയ പാടങ്ങൾ നിശ്ചിത പിഴയടച്ച് ക്രമീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ഇപ്രകാരം മുൻകാല പ്രാബല്യം നൽകി പിഴ ഈടാക്കുന്നത് നിയമപരമായി ശരിയല്ലെന്ന നിയമ വകുപ്പിന്റെയും മറ്റും അഭിപ്രായം കണക്കിലെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് റവന്യൂ (പി) വകുപ്പിന്റെ സർക്കർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ.142/10/റവന്യൂ തീയതി 22-4-2010 പ്രകാരം 1-1-2008-ന് മുൻപ് നികത്തിയ

LIBRARY ARCHIVES Kerala Legislative Assembly

പാടങ്ങൾ നിശ്ചിത ഫീസ് അടച്ച് പുരയിടമായി ക്രമീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് അടിയന്തരമായി പ്രവർത്തന പരിപാടി തയ്യാറാക്കി സമർപ്പിക്കുന്നതിനായി (1) ചീഫ് സെക്രട്ടറി (2) അഡീഷണൽ ചീഫ് സെക്രട്ടറി (ധന)-കൺവീനർ (3) കാർഷികോൽപ്പാദന കമ്മീഷണർ(4) പ്രിൻസിപ്പൽ സെക്രട്ടറി(റവന്യൂ) (5) സെക്രട്ടറി (നിയമം) എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇതിലേക്കായി തുകയെന്നും ചെലവായിട്ടില്ല.

(ഇ) ഈ ഇനത്തിൽ തുക ലഭിച്ചിട്ടില്ല.

(എഫ്) നീക്കിയിരിപ്പില്ല.

സംസ്ഥാനത്തിന്റെ റവന്യൂ വരവ്, റവന്യൂ ചെലവ്,റവന്യൂ കമ്മി

112 (2590) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരവ്, റവന്യൂ ചെലവ്, റവന്യൂ കമ്മി ഇവ യഥാക്രമം എത്രകോടി രൂപ വീതമായിരിക്കും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ബഡ്ജറ്റിൽ എത്രകോടി രൂപയുടെ അധികചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള വിഭവ സമാഹരണത്തിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പൊതുകടം കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ വർദ്ധിക്കാതെ പിടിച്ചുനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2011-12 വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരവ്, 38546.89 കോടി രൂപയും, റവന്യൂ ചെലവ് 44566.33 കോടി രൂപയും, റവന്യൂ കമ്മി(-) 6019.44 കോടി രൂപയുമായാണ് പ്രതീക്ഷിക്കുന്നത്.

(ബി) 2010-11 വർഷത്തെ ബഡ്ജറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2011-12 ബഡ്ജറ്റിൽ 9488.75 കോടി രൂപയുടെ അധികചെലവാണ് പ്രതീക്ഷിക്കുന്നത്.

(സി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിച്ചും, പൊതു വിപണിയിൽ നിന്ന് കടമെടുത്തും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തും ഇതിലേക്കാവശ്യമായ വിഭവം സമാഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly